# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 21.09.2024** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. മൂന്ന് ദിവസത്തെ സന്ദർശനത്തിനായി പ്രധാനമന്ത്രി നരേന്ദ്ര മോദി അമേരിക്കയിലേക്ക് പുറപ്പെട്ടു. നാലാമത് ക്വാഡ് ഉച്ചകോടിയിൽ പ്രധാനമന്ത്രി പങ്കെടുക്കും.

   **Prime Minister Narendra Modi left on a three-day visit to the United States this morning. Mr Modi will begin his tour by attending the 4th annual Quad leaders' Summit at Wilmington in Delaware.**

2. ഡൽഹി മുഖ്യമന്ത്രിയായി ആം ആദ്മി പാർട്ടി നേതാവ് അതിഷി ഇന്ന് സത്യപ്രതിജ്ഞ ചെയ്യും.

   **Atishi to take oath as Delhi chief minister today.**

3. ഇന്ന് ശ്രീനാരായണ ഗുരുദേവന്റെ 97-ാമത് മഹാസമാധിദിനം. സമാധി സമ്മേളനം മന്ത്രി കെ രാജൻ ഉദ്ഘാടനം ചെയ്യും.

   **Today is Sri Narayana Gurudev's 97th Mahasamadhi Day. Minister K Rajan will inaugurate the Samadhi Samlan.**

4. അന്തരിച്ച -പ്രശസ്ത മലയാള ചലച്ചിത്ര നടി കവിയൂർ പൊന്നമ്മക്ക് സാംസ്കാരിക കേരളത്തിന്റെ അന്ത്യാഞ്ജലി.

   **Cultural fraternity in Kerala pays tribute to late Malayalam film actress Kaviyoor Ponnamma.**

5. ശ്രീലങ്കയിൽ പുതിയ പ്രസിഡൻ്റിനെ തെരഞ്ഞെടുക്കാനുള്ള വോട്ടെടുപ്പ് ആരംഭിച്ചു.

   **Voting to elect a new president has begun in Sri Lanka.**

6. ബംഗ്ലാദേശിനെതിരായ ആദ്യ ടെസ്റ്റിൽ രണ്ടാംദിനം കളി അവസാനിക്കുമ്പോൾ ഇന്ത്യ രണ്ടാം ഇന്നിങ്സിൽ മൂന്നിന് 81 റൺസ് എന്ന നിലയിൽ.

At the end of the second day of the first Test against Bangladesh, India were 81 for three in the second innings.

****************************************

## PM – US VISIT

മൂന്ന് ദിവസത്തെ സന്ദർശനത്തിനായി പ്രധാനമന്ത്രി നരേന്ദ്ര മോദി അമേരിക്കയിലേക്ക് പുറപ്പെട്ടു. ഈ മാസം 23 വരെയുള്ള യു എസ് സന്ദർശന വേളയിൽ ഡെലവെയറിലെ വിൽമിംഗ്ടണിൽ നടക്കുന്ന നാലാമത് ക്വാഡ് ഉച്ചകോടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പങ്കെടുക്കും. പ്രസിഡൻ്റ് ബൈഡൻ, പ്രധാനമന്ത്രി അൽബാനീസ്, പ്രധാനമന്ത്രി കിഷിദ എന്നിവരുൾപ്പെട്ട ക്വാഡ് ഉച്ചകോടിയ്ക്കായി കാത്തിരിക്കുകയാണെന്ന് പുറപ്പെടുന്നതിന് തൊട്ടു മുൻപ് പുറത്തിറക്കിയ പ്രസ്താവനയിൽ പ്രധാനമന്ത്രി പറഞ്ഞു. ഇന്തോ-പസഫിക് മേഖലയിലെ സമാധാനത്തിനും പുരോഗതിക്കും സമൃദ്ധിക്കും വേണ്ടി പ്രവർത്തിക്കുന്നതിന് സമാന ചിന്താഗതിയുള്ള രാജ്യങ്ങളുടെ ഗ്രൂപ്പായി ക്വാഡ് ഉയർന്നുവന്നിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. ഇന്ത്യ-യുഎസ് സമഗ്ര പങ്കാളിത്തം കൂടുതൽ ആഴത്തിലാക്കാൻ പ്രസിഡൻ്റ് ബൈഡനുമായുള്ള കൂടിക്കാഴ്ച ഉപകരിക്കുമെന്ന പ്രതീക്ഷയും പ്രധാനമന്ത്രി പങ്കുവച്ചു. മറ്റന്നാൾ ന്യൂയോർക്കിൽ ഇന്ത്യൻ സമൂഹവുമായി പ്രധാനമന്ത്രി സംവദിക്കും. 23-ന് ന്യൂയോർക്കിലെ ഐക്യരാഷ്ട്ര പൊതുസഭയിൽ നടക്കുന്ന ഉച്ചകോടിയെ അദ്ദേഹം അഭിസംബോധന ചെയ്യും.

****************************************

## REV DELHI CM-ATISHI

ഡൽഹി മുഖ്യമന്ത്രിയായി ആം ആദ്മി പാർട്ടി നേതാവ് അതിഷി ഇന്ന് സത്യപ്രതിജ്ഞ ചെയ്യും. ഡൽഹിയിലെ രാജ്

നിവാസിൽ നടക്കുന്ന ചടങ്ങിൽ ലെഫ്റ്റനന്റ് ഗവർണർ വി കെ സക്സേന സത്യവാചകം ചൊല്ലിക്കൊടുക്കും. മുഖ്യമന്ത്രിയെ കൂടാതെ അഞ്ച് മന്ത്രിമാരും ഇന്ന് സത്യപ്രതിജ്ഞ ചെയ്യും. സുഷമ സ്വരാജിനും ഷീല ദീക്ഷിതിനും ശേഷം ഡൽഹിയുടെ മൂന്നാമത്തെ വനിതാ മുഖ്യമന്ത്രിയാണ് അതിഷി.

***************************************

## VP - DAMAN VISIT

ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖറിന്റെ ദാദ്ര നഗർ ഹവേലി - ദാമൻ ദിയു സന്ദർശനം തുടരുന്നു. ദാമനിലെ ജാംപൂരിൽ സജ്ജമാക്കിയ പക്ഷിസങ്കേതം ഉപരാഷ്ട്രപതി ഇന്നലെ ഉദ്ഘാടനം ചെയ്തു. ഇന്ന്, ദാദ്ര ആൻഡ് നഗർ ഹവേലിയിലെ സിൽവാസയിലുള്ള നമോ മെഡിക്കൽ എജ്യുക്കേഷൻ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സന്ദർശിക്കുന്ന ഉപരാഷ്ട്രപതി വിദ്യാർത്ഥികളുമായി സംവദിക്കും. വിവിധ വികസന പദ്ധതികളും ഉപരാഷ്ട്രപതി ഉദ്ഘാടനം ചെയ്യും.

***************************************

## NADDA 100 DAY EARLY

ആറ് കോടി മുതിർന്ന പൗരന്മാർക്ക് അഞ്ച് ലക്ഷം രൂപയുടെ സൗജന്യ ആരോഗ്യ ഇൻഷുറൻസ് ലഭിക്കും വിധം ആയുഷ്മാൻ ഭാരത് പദ്ധതി വിപുലീകരിക്കാനുള്ള തീരുമാനം സമൂഹത്തിൽ വലിയ പരിവർത്തനങ്ങൾക്ക് വഴിയൊരുക്കുമെന്ന് കേന്ദ്ര ആരോഗ്യമന്ത്രി ജെ പി നഡ്ഡ. 70 വയസും അതിനു മുകളിലും പ്രായമുള്ള എല്ലാ പൗരന്മാരുംഇൻഷുറൻസ് പരിധിയിൽ വരും. ആരോഗ്യ മന്ത്രാലയത്തിൻ്റെ പ്രവർത്തനങ്ങളും നേട്ടങ്ങളും സംബന്ധിച്ച് ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

***************************************

## MODI 3.0-MIDDLE CLASS - 100 DAYS.. INTRO

തുടർച്ചയായി മൂന്നാം തവണ അധികാരമേറ്റ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിലുള്ള സർക്കാർ മധ്യവർഗക്കാർക്കായി ഒട്ടേറെ പദ്ധതികളാണ് കഴിഞ്ഞ 100 ദിവസത്തിനുള്ളിൽ നടപ്പിലാക്കിയത് . വിശദാംശങ്ങളിലേയ്ക്ക് ............

(വോയ്സ്)

സംരംഭകത്വം മെച്ചപ്പെടുത്തുന്നതിനായി മുദ്ര വായ്പാ പരിധി 10 ലക്ഷം രൂപയിൽ നിന്ന് 20 ലക്ഷം രൂപയായി ഉയർത്തി. ഏഴു ലക്ഷം രൂപ വരെയുള്ള വരുമാനത്തിന് ആദായനികുതി ഇളവ് പ്രഖ്യാപിക്കുകയും സ്റ്റാൻഡേർഡ് ഡിഡക്ഷൻ 50,000 രൂപയിൽ നിന്ന് 75,000 രൂപയായി ഉയർത്തുകയും ചെയ്തു.23 ലക്ഷം കേന്ദ്രസർക്കാർ ജീവനക്കാർക്ക് പ്രയോജനപ്പെടുന്ന ഏകീകൃത പെൻഷൻ പദ്ധതിക്കും സർക്കാർ അംഗീകാരം നൽകി. മധ്യവർഗക്കാർക്ക് വൈദ്യുതി ബില്ലിൻ്റെ ഭാരം കുറയ്ക്കുന്നതിന്, പ്രധാനമന്ത്രി സൂര്യ ഘർ മുഫ്ത് ബിജിലി യോജന പ്രകാരം 3 ലക്ഷത്തി അൻപതിനായിരം വീടുകളിൽ സൗരോർജ്ജ സംവിധാനങ്ങൾ സ്ഥാപിച്ചു. പൊതുഗതാഗത സംവിധാനം ശക്തിപ്പെടുത്തുന്നതിന് പൂനെ, താനെ, ബെംഗളൂരു എന്നിവിടങ്ങളിൽ 30,700 കോടി രൂപയുടെ മെട്രോ പദ്ധതികൾക്കും അനുമതി നൽകിയിട്ടുണ്ട്. **ന്യൂസ് ഡെസ്ക് ആകാശവാണി.**

****************************************************

## GOYAL-LAOS VISIT

ലാവോസിൽ നടന്ന 21-ാമത് ആസിയാൻ-ഇന്ത്യ സാമ്പത്തിക മന്ത്രിമാരുടെ യോഗത്തിൽ കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രി പിയൂഷ് ഗോയൽ പങ്കെടുത്തു. വ്യാപാര-സാമ്പത്തിക ബന്ധങ്ങൾ ദൃഢമാക്കാനും പുതിയ വ്യവസായ അവസരങ്ങൾ സൃഷ്ടിക്കാനും ലക്ഷ്യമിടുന്ന ആസിയാൻ-ഇന്ത്യ ചരക്ക് കരാറിൻ്റെ പുരോഗതി

യോഗം വിലയിരുത്തി. സന്ദർശന വേളയിൽ, നിരവധി ഉഭയകക്ഷി ചർച്ചകളിലും കേന്ദ്രമന്ത്രി പങ്കെടുക്കും.

***************************************

## ECI- J AND K VOTER TURNOUT

അടുത്ത മാസം 5 ന് നടക്കുന്ന ഹരിയാന നിയമസഭയിലേക്കുള്ള തിരഞ്ഞെടുപ്പ് പ്രചാരണം ശക്തമാക്കി രാഷ്ട്രീയ കക്ഷികൾ. ബി.ജെ.പി നേതാവ് ബിപ്ലബ് ദേവ്, മുഖ്യമന്ത്രി നായിബ് സിംഗ് സൈനി എന്നിവർ ഇന്നലെ തിരഞ്ഞെടുപ്പ് യോഗങ്ങളെ അഭിസംബോധന ചെയ്തു. മുതിർന്ന കോൺഗ്രസ് നേതാവ് ഭൂപീന്ദർ സിംഗ് ഹൂഡ,ആസാദ് സമാജ് പാർട്ടി നേതാവ് ചന്ദ്രശേഖർ ആസാദ്, ഉൾപ്പെടെയുള്ള നേതാക്കളും പ്രചാരണ രംഗത്ത് സജീവമാണ്. ജമ്മു കശ്മീരിൽ 26 നിയമസഭാ മണ്ഡലങ്ങളിലേക്കുള്ള രണ്ടാം ഘട്ട വോട്ടെടുപ്പ് ഈമാസം 25 ന് നടക്കും. അടുത്തമാസം ഒന്നിന് നടക്കുന്ന മൂന്നാം ഘട്ടത്തിൽ 40 മണ്ഡലങ്ങളിലേക്കാണ് വേട്ടെടുപ്പ്. വെട്ടെണ്ണൽ അടുത്ത മാസം 8 ന്.

***************************************

## SL-PREZ ELECTION

ശ്രീലങ്കയിൽ പുതിയ പ്രസിഡൻ്റിനെ തെരഞ്ഞെടുക്കാനുള്ള വോട്ടെടുപ്പ് ആരംഭിച്ചു. 38 സ്ഥാനാർത്ഥികൾ മത്സരരംഗത്തുണ്ട്. നിലവിലെ പ്രസിഡൻ്റ് റനിൽ വിക്രമസിംഗെ, പ്രതിപക്ഷ നേതാവും എസ്ജെബി സ്ഥാനാർത്ഥിയുമായ സജിത് പ്രേമദാസ, എൻപിപി നേതാവ് അനുര കുമാര ദിസനായകെ എന്നിവർ തമ്മിലാണ് പ്രധാന മത്സരം. രാജ്യത്തുടനീളം 13,400 പോളിംഗ് കേന്ദ്രങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്.

***************************************

## SREENARAYANA GURU SAMATI

ശ്രീനാരായണ ഗുരുദേവന്റെ 97-ാമത് മഹാസമാധിദിനം ഇന്ന് ആചരിക്കുന്നു. സമാധിസ്ഥലമായ ശിവഗിരിയിൽ നാമജപം, ഉപവാസം, മഹാസമാധി പ്രാത്ഥന, സമ്മേളനം എന്നിവയോടെ സമാധിദിനാചരണം നടക്കും. രാവിലെ 10 ന് മഹാസമാധി സമ്മേളനവും ഉപവാസയജ്ഞവും മന്ത്രി കെ രാജൻ ഉദ്ഘാടനം ചെയ്യും. ശ്രീനാരായണ ധർമ്മ സംഘം ട്രസ്റ്റ് പ്രസിഡന്റ് സ്വാമിസച്ചിദാനന്ദ അദ്ധ്യക്ഷത വഹിക്കും. ശശിതരൂർ എം പി മുഖ്യപ്രഭാഷണം നടത്തും.

************************************************

## KAVIYOOR PONNAMMA ........INTRO

ഇന്നലെ അന്തരിച്ച പ്രശസ്ത മലയാള ചലച്ചിത്ര നടി കവിയൂർ പൊന്നമ്മക്ക് സാംസ്കാരിക കേരളത്തിന്റെ അന്ത്യഞ്ജലി. വാർധക്യ സഹജമായ അസുഖത്തെ തുടർന്ന് സ്വകാര്യ ആശുപത്രിയിൽ ചികിത്സയിൽ ഇരിക്കെയാണ് അന്ത്യം. 79 വയസായിരുന്നു. വിശദാംശങ്ങളിലേയ്ക്ക്.....

(വോയ്സ്)

മലയാള സിനിമയിൽ നിറഞ്ഞു നിന്ന കവിയൂർ പൊന്നമ്മ നാനൂറിൽ അധികം ചിത്രങ്ങൾ നീണ്ട അഭിനയസപര്യയിൽ പകർന്നാടിയതിൽ ഭൂരിപക്ഷവും അമ്മ വേഷങ്ങൾ. മാതൃഭാവമുള്ള കഥാപാത്രങ്ങളിലൂടെ മലയാളികളുടെ ഹൃദയത്തിൽ ഇടംനേടിയ കവിയൂർ പൊന്നമ്മ, നാടകത്തിലും ടെലിവിഷനിലും ശ്രദ്ധേയമായ സംഭാവനകൾ നൽകിയ നടിയായിരുന്നു. രാഷ്ട്രീയ, സാംസ്കാരിക, ചലച്ചിത്ര രംഗങ്ങളിലെ നിരവധി പ്രമുഖർ കവിയൂർ പൊന്നമ്മക്ക് അന്ത്യഞ്ജലി അർപ്പിച്ചു. മലയാള സിനിമയുടെയും നാടകലോകത്തിന്റേയും ചരിത്രത്തിൽ തന്റേതായ സ്ഥാനം ഉറപ്പിച്ച കവിയൂർ പൊന്നമ്മയുടെ നിര്യാണത്തോടെ തിളക്കമുള്ള ഒരു

അദ്ധ്യായത്തിനാണ് തിരശ്ശീല വീണതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചന സന്ദേശത്തിൽ പറഞ്ഞു. പതിനാലാം വയസ്സിൽ പ്രതിഭ ആർട്സിന്റെ നാടകങ്ങളിൽ അഭിനയിച്ചു കൊണ്ടാണ് പൊന്നമ്മയുടെ കലാജീവിതം ആരംഭിക്കുന്നത്. പിന്നീട് കെ.പി.എ.സി യിൽ നിരവധി നാടകങ്ങളിൽ വേഷമിട്ടു. 1962 ൽ ശ്രീരാമപട്ടാഭിഷേകം ആയിരുന്നു ആദ്യ ചിത്രം. നാല് തവണ സംസ്ഥാന ചലച്ചിത്ര പുരസ്കാരങ്ങൾ ഉൾപ്പെടെ നിരവധി പുരസ്കാരങ്ങൾക്ക് കവിയൂർ പൊന്നമ്മ അർഹയായിട്ടുണ്ട്. ന്യൂസ് ഡസ്ക് ആകാശവാണി.

****************************************

## KAVIYOOR PONNAMMA-സംസ്കാരം

കവിയൂർ പൊന്നമ്മയുടെ ഭൗതികശരീരം ഇന്ന് രാവിലെ 9 മണി മുതൽ 12 മണി വരെ കളമശ്ശേരി മുനിസിപ്പൽ ടൗൺ ഹാളിൽ പൊതുദർശനത്തിന് വയ്ക്കും. വൈകിട്ട് അഞ്ചുമണിക്ക് ആലുവ കരുമാലൂരിലുള്ള വീട്ടുവളപ്പിൽ സംസ്കരിക്കും. എറണാകുളത്തെ സ്വകാര്യ ആശുപത്രിയിൽ എത്തി കേന്ദ്രസഹമന്ത്രി സുരേഷ് ഗോപി അന്തിമോപചാരം അർപ്പിച്ചു.

****************************************

## COASTAL CLEANUP DAY-SURESH GOPI

അന്താരാഷ്ട്ര തീരദേശ ശുചീകരണ ദിനത്തിൻറെ ഭാഗമായി കോസ്റ്റ് ഗാർഡിന്റെ ആഭിമുഖ്യത്തിൽ രാവിലെ ഫോർട്ട് കൊച്ചി ബീച്ച്, വൈപ്പിൻ കുഴുപ്പിള്ളി ബീച്ച് എന്നിവിടങ്ങളിൽ ശുചീകരണ പ്രവർത്തനങ്ങൾ നടക്കും. കേന്ദ്ര സഹ മന്ത്രി സുരേഷ് ഗോപി മുഖ്യാതിഥിയായി പങ്കെടുക്കുന്ന ചടങ്ങിൽ / കോസ്റ്റ് ഗാർഡ് ഡിഐജി എൻ രവി , വിവിധ സേവന സംഘാംഗങ്ങൾ, വിദ്യാർത്ഥികൾ തുടങ്ങിയവർ പങ്കെടുക്കും.

****************************************

## CM - PRESS MEET

സംസ്ഥാന പോലീസ് സേനയുമായി ബന്ധപ്പെട്ട വിവാദങ്ങൾക്കിടയിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് രാവിലെ മാധ്യമങ്ങളെ കാണും. എ ഡി ജി പി അജിത് കുമാറിനെതിരെ വിജിലൻസ് അന്വേഷണം പ്രഖ്യാപിച്ചുവെങ്കിലും വിവാദങ്ങൾ ഒഴിഞ്ഞിരുന്നില്ല. വയനാട് ദുരന്തവുമായി ബന്ധപ്പെട്ട് പ്രധാനമന്ത്രിയുമായി നടത്തിയ കൂടിക്കാഴ്ചയെ സംബന്ധിച്ചും മുഖ്യമന്ത്രി വിശദീകരിക്കുമെന്നാണ് റിപ്പോർട്ട്.

************************************************

## NIPAH

കേരളത്തിൽ നിപ രോഗബാധയുമായി ബന്ധപ്പെട്ട് പുതുതായി പുറത്തു വന്ന 20 പേരുടെ സ്രവ പരിശോധനാ ഫലം കൂടി നെഗറ്റീവ് ആയി. ആരെയും സമ്പർക്ക പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല. മന്ത്രി വീണാ ജോർജിന്റെ അധ്യക്ഷതയിൽ ഇന്നലെ ഉന്നത തല യോഗം ചേർന്നു. നിപ ബാധിച്ച് മരണപ്പെട്ട 24 കാരന്റെ സഹപാഠികൾക്ക് സർവ്വകലാശാല പരീക്ഷ എഴുതാനുള്ള സൗകര്യം ഏർപ്പെടുത്തിയാതായി മന്ത്രി വീണ ജോർജ്ജ് അറിയിച്ചു.

************************************************

## UPI-DIGITAL PAYMENT

2023-24 സാമ്പത്തിക വർഷത്തിൽ രാജ്യത്തെ ഡിജിറ്റൽ സാമ്പത്തിക ഇടപാട് 19,000 കോടിയായി വർദ്ധിച്ചതായി കേന്ദ്ര ധനമന്ത്രാലയം. 2017-18 സാമ്പത്തിക വർഷത്തിൽ ഇത് 2000 കോടിയായിയിരുന്നു. യു പി ഐ ഇടപാടുകളുഠ 13,000 കോടിയിലധികം വർധിച്ചിട്ടുണ്ട്. 23-24 സാമ്പത്തിക വർഷത്തിൽ യു പി ഐ ഇടപാട് മൂല്യം 200 ലക്ഷം കോടി രൂപയിൽ എത്തിയതായും മന്ത്രാലയം അറിയിച്ചു . യു എ ഇ, ശ്രീലങ്ക , ഫ്രാൻസ് ഉൾപ്പെടെ ഏഴ് രാജ്യങ്ങളിൽ നിന്നുള്ള തത്സമയ യു പി ഐ ഇടപാടുകളും ഇതിൽ ഉൾപെടും.

************************************

## CRICKET

ബംഗ്ലാദേശിനെതിരായ ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരത്തിൽ രണ്ടാംദിനം കളി അവസാനിച്ചപ്പോൾ ഇന്ത്യക്ക് 308 റൺസിന്റ ലീഡ്. ഒന്നാം ഇന്നിങ്സിന്റെ തുടക്കം മുതൽ ബാറ്റിങ്ങ് തകർച്ച നേരിട്ട ബംഗ്ലദേശ് 149 റൺസിന് പുറത്താവുകയായിരുന്നു. രണ്ടാം ദിനം കളി നിർത്തുമ്പോൾ രണ്ടാം ഇന്നിങ്സിൽ മൂന്ന് വിക്കറ്റ് നഷ്ടത്തിൽ 81 റൺസ് എന്ന നിലയിലാണ് ഇന്ത്യ.

***************************************************************************
**********************************